**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 110** | **08-12-2022 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലെ സ്ത്രീപങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ ഒ . ആർ. കേളു<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ദെലീമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആവിഷ്കരിച്ച ഉത്തരവാദിത്ത ടൂറിസത്തിന് അന്തർദേശീയ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദ വിവരം നൽകുമോ; | (എ) | 2022 നവംബർ 7 മുതൽ നവംബർ 9 വരെ ലണ്ടനിൽ നടന്ന ലോകത്തെ ഏറ്റവും വലിയ ടൂറിസം മേളയിലൊന്നായ വേൾഡ് ട്രാവൽ മാർക്കറ്റ് ലണ്ടനിൽ വെച്ച് WTM -ന്റെ വേൾഡ് ട്രാവൽ മാർക്കറ്റിന്റെ ഗ്ലോബൽ അവാർഡ് ഉത്തരവാദിത്ത ടൂറിസം മിഷൻ സംസ്ഥാനത്ത് നടപ്പാക്കുന്ന 'സ്ട്രീറ്റ്' പദ്ധതിയിലെ 'വാട്ടർ സ്ട്രീറ്റ്' പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. ജല സംരക്ഷണത്തിലൂന്നിയ വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത അവാർഡ് ലഭിച്ചത്. 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നതിനു ശേഷം 13 അന്താരാഷ്ട്ര അവാർഡുകളും 4 നാഷണൽ അവാർഡുകളും ലഭിച്ചിട്ടുണ്ട്. |
| (ബി) | ഗ്രാമപ്രദേശത്തുള്ളവരുടെ, വിശേഷിച്ചും സ്ത്രീകളുടെ സാമ്പത്തികമായ ഉന്നമനത്തിന് ഉത്തരവാദിത്ത ടൂറിസം പദ്ധതി എത്രമാത്രം പ്രയോജനപ്രദമാണെന്ന് അറിയിക്കാമോ; | (ബി) | ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളിൽ ഭൂരിഭാഗവും സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ടതാണ്. ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 660 ലക്ഷം രൂപയിൽ 50 ശതമാനം തുക സ്ത്രീകേന്ദ്രീകൃത പ്രവർത്തനങ്ങൾക്കായി നീക്കിവെക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് അധിക നിക്ഷേപം കൂടാതെ വിനോദ സഞ്ചാര മേഖലയിൽ നിന്നും വരുമാനം ലഭിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. എത്തിക് ക്യുസിൻ, കരകൗശല നിർമ്മാണം, സ്ത്രീകൾ നടത്തുന്ന ഹോംസ്റ്റേകൾ, തുണി സഞ്ചി നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം തുടങ്ങിയ അനവധി മേഖലകളിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ പരിശീലനം നൽകുകയും പരിശീലനം ലഭിച്ചവർ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്ത് സ്വയം തൊഴിൽ ആരംഭിച്ച് വരുമാനം നേടുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത |

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾക്ക് അവരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ഓൺലൈൻ പ്ലാറ്റ് ഫോമും ഒരുക്കിയിട്ടുണ്ട്. അതുവഴി യൂണിറ്റുകൾക്ക് നേരിട്ട് വരുമാനം ലഭിക്കുന്നുണ്ട്. സ്ത്രീകളുമായി ബന്ധപ്പെട്ട വിനോദസഞ്ചാരത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക സ്ത്രീ സൗഹാർദ്ദ ടൂറിസം പദ്ധതിക്ക് മിഷൻ തുടക്കമിട്ടു. പദ്ധതിയുടെ ഭാഗമായി ഓൺലൈൻ പരിശീലനങ്ങൾ ആരംഭിച്ച കഴിഞ്ഞിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിക്ക് കീഴിൽ എത്ര യൂണിറ്റുകളാണ് ഉള്ളതെന്നും അവയിലെ നേരിട്ടുള്ള സ്ത്രീപങ്കാളിത്തത്തെക്കുറിച്ചും വിശദമാക്കാമോ? | (സി) | നിലവിൽ 23786 വ്യക്തിഗത/ഗ്രൂപ്പ് യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ ഉണ്ട്. അതിൽ 16660 എണ്ണം സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള യൂണിറ്റുകളാണ്. ഇവയിൽ തുണി ബാഗ് നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, വിവിധ കാർഷിക യൂണിറ്റുകൾ, കാർഷിക വിതരണ യൂണിറ്റുകൾ കലാകാരന്മാർ, കരകൗശല വിദഗ്ധർ, ആർ.ടി. ഡ്രൈവർമാർ, കമ്മ്യൂണിറ്റി ടൂർ നേതാക്കൾ, ഫാം വിസിറ്റ് യൂണിറ്റുകൾ, ഹോം സ്റ്റേകൾ, ഫാം സ്റ്റേകൾ, ടെൻഡഡ് അക്കോമഡേഷൻ യൂണിറ്റുകൾ, പാചക യൂണിറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. വിവിധ യൂണിറ്റുകൾ വഴി 24860 സ്ത്രീകൾക്ക് വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് വരുമാനം ലഭ്യമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ